(ഇ) 13-12-2004-ൽ ഫോർട്ട് പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ സൂക്ഷിച്ചിരുന്ന സാധന സാമഗ്രികൾ ലേലം ചെയ്തിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിൽ നിന്നും എത്ര തുക ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ജി) ലേലം ചെയ്യാതെ വിറ്റിട്ടുണ്ടെങ്കിൽ അതിനുത്തരവാദികളായ ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുറ്റകൃത്യത്തിന്റെ സ്വഭാവമനുസരിച്ച് കോടതിയിൽ ഹാജരാക്കേണ്ടവ കോടതിയിൽ ഹാജരാക്കുകയും, ഉടമസ്ഥർക്ക് തിരിച്ചു നൽകേണ്ടവ അപ്രകാരം തിരിച്ചു നൽകുകയും ചെയ്യാറുണ്ട്.

(ബി) ഉണ്ട്.

(സി) കോടതി ഉത്തരവിൻ പ്രകാരം മാത്രമേ തൊണ്ടി മുതലുകളിൽ തീർപ്പു കല്പിക്കാവൂ. സ്വമേധയാ പോലീസിൽ ലേലം ചെയ്തു വില്ക്കാൻ അധികാരമില്ല.

(ഡി) ഇത്തരം സാധനങ്ങൾ ഫോർട്ട് പോലീസ് ലേലം നടത്തിയിട്ടില്ല. വിവിധ കേസുകളിലായി 33 ഉന്തുവണ്ടികളും, അനുബന്ധ സാമഗ്രികളും കോടതി ഉത്തരവിൻ പ്രകാരം സ്റ്റേഷനിൽ സൂക്ഷിച്ചുവരുന്നു.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

(ജി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തെത്തുന്ന വിദേശ കുറ്റവാളികൾ

74 [79] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. ജോസഫ് എം. പുതുശ്ശേരി:

" സ്റ്റീഫൻ ജോർജ്:

" തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടശേഷം ടൂറിസ്റ്റ് വിസായിൽ വിദേശികൾ സംസ്ഥാനത്ത് എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനം സന്ദർശിക്കുന്ന വിദേശ പൗരന്മാർ പാർക്കുന്ന ഹോട്ടലുകളുടെ അധികൃതർ വിദേശ പൗരന്മാർ പാർക്കുന്ന വിവരം അതാതു പോലീസ് സ്റ്റേഷനുകളിൽ നൽകാറുണ്ടോ; ഉണ്ടെങ്കിൽ അതിലേയ്ക്കായി പ്രത്യേക ഫോർമാറ്റ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) കഴിഞ്ഞ മണ്ഡലകാലത്ത് മൂന്നാർ, കുമളി, കോവളം, കൽപ്പറ്റ പോലീസ് സ്റ്റേഷനതിർത്തികളിലുള്ള ലോഡ്ജുകളിൽ/ടൂറിസ്റ്റ് ഹോമുകളിൽ എത്ര വിദേശ പൗരന്മാർ പാർത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) നല്കാറുണ്ട്. ഹോട്ടൽ അറൈവൽ റിപ്പോർട്ട് റൂൾ-14 പ്രകാരം ഫോം-സി അതാത് സ്റ്റേഷനിലും ഡിസ്ട്രിക്റ്റ് പോലീസ് ഓഫീസിലും അറിയിക്കാറുണ്ട്.

(സി)

1.	മൂന്നാർ പോലീസ് സ്റ്റേഷൻ ..	13,080
2.	കുമളി പോലീസ് സ്റ്റേഷൻ ..	21,290
3.	കോവളം പോലീസ് സ്റ്റേഷൻ ..	21,747
4	കൽപ്പറ്റ പോലീസ് സ്റ്റേഷൻ ..	341

പൊതുമേഖലാസ്ഥാപനങ്ങളുടെ മേധാവികൾക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

75 [80] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാസ്ഥാപനങ്ങളുടെ മേധാവികളാണ് ഇപ്പോൾ വിജിലൻസ് അന്വേഷണം നേരിടുന്നത്;

(ബി) ഇവരെ തൽസ്ഥാനങ്ങളിൽനിന്നും ഒഴിവാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യാഗസ്ഥൻമാർക്ക് പുതിയ സ്ഥാപനങ്ങളുടെ മേധാവികളായി നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാമെന്നും ഏതെല്ലാം സ്ഥാപനങ്ങളിലെന്നും വെളിപ്പെടുത്തുമോ;

(ഡി) വിവിധ പൊതുമേഖലാസ്ഥാപനങ്ങളുടെ മേധാവികളായിരിക്കെ ആരോപണ വിധേയരായവരെത്തന്നെ വീണ്ടും സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ മേധാവികളായി നിയമിക്കാതിരിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly